LIBRARY·ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പേപ്പർമിൽ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് നടപടി

244 (952) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പേപ്പർ മിൽ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പേപ്പർ വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള ആദ്യപടിയായി സർക്കാർ ടി വ്യവസായത്തെ 31-12-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 177/2012/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി ടി തൊഴിൽ മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുതലപ്പെടുത്തിയിട്ടുള്ളതും ആയതിൻമേൽ മിനിമം വേതന ഉപദേശക സമിതി നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ

245 (953) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജോലി തേടിയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കേരളത്തിൽ നിലവിൽ ഓരോ ജില്ലയിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്ക് വകുപ്പിന്റെ പക്കൽ ഉണ്ടോ ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇവരെ തൊഴിലിനായി കൊണ്ടുവരുന്ന കരാറുകാർക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?